

# ഗെയ്റ്റടച്ചല്ലോ!

അഭിയും അപ്പുവും ഉണ്ണിയും എന്നും ഒരുമിച്ചാണ് സ്കൂളിലേക്ക് പോവുക. പോകും വഴി അവർ ഒരു റെയിൽവേ ക്രോസ് കടക്കണം.

അന്നു പതിവുപോലെ അവർ പുറപ്പെട്ടു. വഴിക്കുള്ള റെയിൽവേ ഗേറ്റ് അടച്ചിരിക്കുകയാണ്. അൽപം കഴിഞ്ഞപ്പോൾ തീവണ്ടി കടന്നുപോയി...

''അപ്പൂ, വേഗം വാ''. ഉണ്ണി പറഞ്ഞു. ക്രോസ് മുറിച്ച് കടന്ന് അവർ ഓടി. ''അഭീ, എന്തു പറ്റി, നീ വരുന്നില്ലേ?'' അപ്പു ചോദിച്ചു. അഭി ഗേറ്റ് കീപ്പറുമായി തിരക്കിട്ട സംസാരത്തിലാണ്...

''ചേട്ടാ അടുത്തവണ്ടി എപ്പോഴാണ്?''

അഭി ചോദിക്കുന്നു.

''പത്ത്...പത്തിന്. പത്ത് അഞ്ചിന് ഗേറ്റടക്കും.'' അയാൾ പറഞ്ഞു...

''അഭീ, കിന്നാരം പറഞ്ഞു

നിൽക്കാതെ വേഗം വാ... സമയം പോയി... ഇപ്പോൾ ബെല്ലടിക്കും. വെറുതേ ടീച്ചറുടെ വഴക്കു കേൾക്കാൻ നിക്കണ്ട.''– കൂട്ടുകാർ പാളത്തിന്റെ ഇപ്പുറം നിന്ന് വിളിച്ചു പറഞ്ഞു.

''ഞാൻ കുറച്ചു കഴിഞ്ഞേയുള്ളൂ, ഗേറ്റ് അടയ്ക്കട്ടെ.'' അഭി ശാഠ്യം പിടിച്ചു.

''നിനക്കെന്താ വട്ടുണ്ടോ? ഗേറ്റടക്കുന്നതു നോക്കി നിൽക്കാൻ, വേഗം ഇങ്ങോട്ട് വരണുണ്ടോ?''

''എടാ ക്രോസ് ബാർ താഴാതെ എനിക്ക് വരാൻ പറ്റില്ല... എന്റെ സ്കൂൾ ബാഗ് അതിന്റെ അറ്റത്താണ്... ആദ്യം ഗേറ്റടച്ചപ്പോൾ അറിയാതെ തൂക്കിയിട്ടതാണ്.. ഇനിയിപ്പോ അതെടുക്കണമെങ്കിൽ ഗേറ്റടയ്ക്കേണ്ടേ... ബാഗില്ലാതെ ഞാനെങ്ങനെ വരും.'' അഭിയുടെ കരച്ചിൽ കേട്ട് കൂട്ടുകാർ ചിരിയടക്കാൻ പാടുപെട്ടു.

**ഹരീഷ് ആർ നമ്പൂതിരിപ്പാട്**

